(എഫ്) ചോദ്യമുദിക്കുന്നില്ല.

എൻ. ആർ. ഇ. പി. മുഖേനയുള്ള സാമൂഹ്യ വനവൽക്കരണം

360. [469] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. പ്രകാരം സാമൂഹ്യ വനവൽക്കരണത്തിന് വേണ്ടി 1986-87-ൽ അനുവദിച്ച തുകയെത്ര ;

(ബി) ഇതിൽ സെപ്റ്റംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) 1986-87-ൽ 346.40 ലക്ഷം രൂപയാണ് സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. ഇതിനുപുറമേ 86.59 ലക്ഷം രൂപയ്ക്കുള്ള 5170 മെ. ടൺ ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്.

(ബി) സെപ്റ്റംബർ 30 വരെ 189.60 ലക്ഷം രൂപ സാമൂഹ്യ വനവൽക്കരണത്തിനുവേണ്ടി ചെലവായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തിവരുന്നു.

ഗ്രാമവികസനത്തിന് കേന്ദ്ര സർക്കാർ 1986-87-ൽ അനുവദിച്ച തുക

361. [470] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമവികസനത്തിനുവേണ്ടി 1836-87 സാമ്പത്തികവർഷം സംസ്ഥാനത്തിന് കേന്ദ്രസർക്കാർ അനുവദിച്ച തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഗ്രാമവികസനത്തിനുവേണ്ടി 1986-87 സാമ്പത്തികവർഷം ഓരോ പദ്ധതിക്കുവേണ്ടി കേന്ദ്രസർക്കാർ 15-10-1986 വരെ അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്.

ഐ. ആർ. ഡി. പി.	369.497	ലക്ഷം രൂപ
എൻ. ആർ. ഇ. പി.	519.60	,,
ആർ. എൽ. ഇ. ജി. പി.	1211.20	,,
ചെറുകിട പരിമിത കർഷകർക്കുള്ള സഹായം	56.62	,,

ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി

362. [471] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയനുസരിച്ച് സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം ഇതുവരെ എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

† അനുബന്ധം—IV.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ എത്ര ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം 30-9-1986 വരെ ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി അനുസരിച്ച് സംസ്ഥാനത്ത് മൊത്തം 37.35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	2.85	ലക്ഷം തൊഴിൽ ദിനങ്ങൾ
കൊല്ലം	2.64	,,
പത്തനംതിട്ട	2.74	,,
ആലപ്പുഴ	3.83	,,
കോട്ടയം	1.86	,,
ഇടുക്കി	2.73	,,
എറണാകുളം	2.69	,,
തൃശ്ശൂർ	4.52	,,
പാലക്കാട്	5.56	,,
മലപ്പുറം	3.08	,,
കോഴിക്കോട്	1:04	,,
വയനാട്	0.61	,,
കണ്ണൂർ	1.93	,,
കാസർകോട്	1.27	,,
	37.35	,,

(സി) പട്ടികജാതിക്കാർക്കുവേണ്ടി 12.71 ലക്ഷം തൊഴിൽദിനങ്ങളും പട്ടികവർഗ്ഗക്കാർക്കുവേണ്ടി 2.88 ലക്ഷം തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞു.

ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി

363. [472] ശ്രീ. കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്തു സൂപ്പി :
,, പി. കെ. കെ. ബാവ : താഴെ കാണുന്നചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയനുസരിച്ച് സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ എത്ര ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം 30-9-1986 വരെ ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയനുസരിച്ച് സംസ്ഥാനത്ത് മൊത്തം 37.35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly